# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **സെപ്റ്റംബർ 13**<br>**September 13** | **2019** |

***1193 ചിങ്ങം*** 28 വെള്ളി

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

---

**ആറന്മുള ഉതൃട്ടാതി ജലോത്സവം: ഗതാഗത ക്രമീകരണം ഏർപ്പെടുത്തി**

ആറന്മുള ഉതൃട്ടാതി ജലോത്സവത്തോട് അനുബന്ധിച്ച് ഗതാഗത ക്രമീകരണവും വാഹനപാർക്കിംഗിന് പ്രത്യേക സൗകര്യങ്ങളും ഒരുക്കി ജില്ലാ പോലീസ്. വള്ളംകളി കാണാൻ എത്തുന്നവർക്കും പൊതുജനങ്ങൾക്കും യാതൊരുവിധ ബുദ്ധിമുട്ടുകളോ തടസങ്ങളോ ഉ ാകാതിരിക്കുന്നതിനായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾക്ക് എല്ലാവരുടേയും പൂർണസഹകരണം ജില്ലാ പോലീസ് മേധാവി ജി. ജയ്ദേവ് അഭ്യർഥിച്ചു.

ചെങ്ങന്നൂർ ഭാഗത്ത് നിന്നു വരുന്ന വാഹനങ്ങൾക്ക് ആറാട്ടുപുഴ മുതൽ പഴയ കെടിഡിസി ഹോട്ടൽ വരെയുള്ള റോഡിന്റെ വടക്കുവശം പാർക്കിംഗ് അനുവദിച്ചു. പഴയ കെടിഡിസി ഹോട്ടൽ മുതൽ സത്രം മുക്ക്, ക്ഷേത്രത്തിന്റെ ഭാഗം, ഐക്കര മുക്ക്, തെക്കേമല ഭാഗങ്ങളിലും തറയിൽ മുക്ക് മുതൽ ക്ഷേത്രം വരെയുള്ള റോഡിലും വഞ്ചിത്ര- പാറപ്പുഴ റോഡുകളിലും ഇരു വശങ്ങളിലും പാർക്കിംഗ് നിരോധിച്ചു.

ചെങ്ങന്നൂർ ഭാഗത്ത് നിന്ന് വരുന്നവർ പഴയ കെടിഡിസി ഹോട്ടൽ പരിസരത്തും, ആഞ്ഞിലിമൂട്ടിൽ പാലത്തിന്റെ കിഴക്കുവശത്തും വാഹനങ്ങൾ പാർക്ക് ചെയ്യണം. പന്തളം ഭാഗത്തു നിന്നു വരുന്നവർ അയ്യൻകോയിക്കൽ ജംഗ്ഷനിലുള്ള കോ-ഓപ്പറേറ്റീവ് എൻജിനിയറിംഗ് കോളജ് ഗ്രൗ ിലും സുദർശന സ്കൂൾ ഗ്രൗ ിലും ഐക്കര ജംഗ്ഷനിൽ നിന്നും തറയിൽ മുക്ക് ഭാഗത്തേക്ക് വരുന്ന വഴിക്ക് വടക്കുവശത്തുള്ള പെട്രോൾ പമ്പിന് സമീപവും പഴയ പോലീസ് സ്റ്റേഷൻ പരിസരത്തും പാർക്ക് ചെയ്യണം.

തറയിൽ മുക്ക് ജംഗ്ഷനിൽ നിന്നും ക്ഷേത്രത്തിലേക്ക് പോകുന്ന റോഡിൽ അൾടെക് കംപ്യൂട്ടേഴ്സിന് എതിർവശത്തായി വാഹനങ്ങൾ പാർക്ക് ചെയ്യണം. തെക്കേമല–കോഴഞ്ചേരി റോഡിൽ പഴയ പോലീസ് സർക്കിൾ ഓഫീസ് ഗ്രൗ ലിലും പാറപ്പുഴ കടവ്, വടക്കേ സത്രക്കടവ് റോഡിന്റെ വശങ്ങളിലുള്ള സ്വകാര്യ വസ്തുവിലും പാർക്കിംഗിന് ക്രമീകരണം ഏർപ്പെടുത്തി.

ഔദ്യോഗിക വാഹനങ്ങൾ ഗവ. വിഎച്ച്എസ്എസ് ഗ്രൗ ിൽ പാർക്ക് ചെയ്യണം. പൊതുജനങ്ങൾക്ക് മുൻപു പറഞ്ഞ സ്ഥലങ്ങൾക്കു പുറമേ പുന്നംതോട്ടം ക്ഷേത്ര ഗ്രൗ ലിലും പരമൂട്ടിൽ പടി ജംഗ്ഷനിലെ പ്രയർഹാൾ പരിസരത്തും ആറന്മുള എൻജിനീയറിംഗ് കോളജിനു സമീപമുള്ള ശ്രീ വിജയാനന്ദ വിദ്യാപീഠം സ്കൂൾ മൈതാനം, നാൽക്കാലിക്കൽ എസ്വിജി എച്ച്എസ്എസ് ഗ്രൗ ്, മിനി സിവിൽ സ്റ്റേഷൻ പരിസരം, വഞ്ചിത്ര മർത്തോമാ സ ്കൂൾ ഗ്രൗ ്, കോഴഞ്ചേരി സെന്റ് തോമസ് സ്കൂൾ മൈതാനം എന്നിവിടങ്ങളിലും വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി.

തിരക്കു വർധിക്കുന്ന സാഹചര്യമു ായാൽ സൗകര്യപ്രദമായ വിധത്തിൽ വാഹനങ്ങൾ വഴിതിരിച്ചുവിടുമെന്നും പൊതുജനങ്ങളുടെ പൂർണസഹകരണം ഉ ാകണമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു. (പിഎൻപി 2536/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**സെപ്റ്റംബർ 13**

**September 13**

**2019**

***1193 ചിങ്ങം*** 28 വെള്ളി

## പത്രക്കുറിപ്പ് -2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


**ഉതൃട്ടാതി ജലോത്സവത്തിനായി ആറന്മുള ഒരുങ്ങി**

പമ്പാ നദിയിലെ ലോകപ്രശസ്തമായ ജലപൂരത്തിനുള്ള ഒരുക്കത്തിലാണ് സംഘാടകരായ പള്ളിയോട സേവാസംഘം. 52 പള്ളിയോടങ്ങൾ ഉതൃട്ടാതി ജലോത്സവത്തിൽ പങ്കെടുക്കും. പമ്പയിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം ട്രയൽ റൺ നടത്തി. ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ഡാമുകളിലെ വൈദ്യുതി ഉത്പാദനം പൂർണതോതിൽ നടത്തും. സുരക്ഷയുമായി ബന്ധപ്പെട്ട് കർശന നിർദേശങ്ങൾ ജില്ലാ ദുരന്തനിവാരണ വിഭാഗം പള്ളിയോടങ്ങൾക്ക് നൽകിയിട്ടു ്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ പൂർത്തിയായി. ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും വിപുലമായ പാർക്കിംഗിനും ജില്ലാ പോലീസ് സംവിധാനം ഒരുക്കിയിട്ടു ്.

**ജലത്തിലെ പൂരത്തിനൊരുങ്ങി ജലരാജാക്കന്മാർ**

തൃശൂർപൂരത്തിൽ ആനകളെന്ന പോലെ പള്ളിയോടങ്ങൾക്കും ആരാധാകരും സമൂഹമാധ്യമ കൂട്ടായ്മകളുമുള്ള പുതിയ കാലത്തിലൂടെയാണ് ഉതൃട്ടാതി ജലോത്സവം കടന്നു പോകുന്നത്. ഓരോ പള്ളിയോടങ്ങളുടെയും അമരപ്പൊക്കം, അണിയം, ശിൽപകലകൾ, അമരച്ചാർത്ത്, ബാണക്കൊടി, കാറ്റുമറ തുടങ്ങി വ്യത്യസ്തമായ ഘടകങ്ങൾക്ക് ഓരോന്നിനും പ്രത്യേകതകളു ്. വീതിയെ സൂചിപ്പിക്കുന്ന അളവായ ഉടമയും അമരപ്പൊക്കവും നീളവും കാണാപ്പാഠമാക്കിയ ആരാധകരും ചെറുതല്ല. മിക്ക

പള്ളിയോട പ്രേമികളുടെയും വീട്ടിൽ പള്ളിയോടത്തിന്റെ ചെറു രൂപം ഉ  ന്നുള്ളതാണ് ആരാധനയുടെ മറുപുറം. ചൈനീസ് വാസ്തുപ്രകാരം ഡ്രാഗൺ ബോട്ടുകൾ ഐശ്വര്യത്തിനായി വീട്ടിൽ സൂക്ഷിക്കാറു  ്. അതുപോലെയാണ് ചിലർ ഐശ്വര്യത്തിനായി പള്ളിയോടങ്ങളുടെ മാതൃക വീട്ടിൽ സൂക്ഷിക്കുന്നത്. ആരാധകരായ കരക്കാരാണ് ചില കരകളിൽ അമരച്ചാർത്തും ബാണക്കൊടിയും തങ്ങളുടെ സമർപ്പണമായി പള്ളിയോടങ്ങൾക്ക് നൽകിയിട്ടുള്ളത്. ജലമേളയുടെ വിജയിയെ നിശ്ചയിക്കുന്നതിൽ ചമയം മുഖ്യ ഘടകങ്ങളിൽ ഒന്നായ ആദ്യ ജലമേളയാണ് ഇത്തവണത്തേത്.

വേഷവിധാനത്തിനായി ഒരേ നിറമുള്ള കരയുള്ള മു  ും തോർത്തും ഒരുക്കിയ കരകളുമു  ്. തുഴച്ചിൽ ശൈലി പരിശീലിക്കാനായി വള്ളസദ്യക്കാലത്ത് കൂട്ടുവള്ളം കളിച്ച് അവസാന വട്ട ഒരുക്കം നടത്തിയവരു  ്. നയമ്പുകളിലെ പരമ്പരാഗത ഭംഗി തിരികെപ്പിടിക്കാൻ അതു  ാക്കാനുള്ള പന അന്വേഷിച്ച് നടന്നവരു  ്. നിലവിലുള്ള നയമ്പും പള്ളിയോടവും മിനുക്കുപണി നടത്തി രംഗപ്രവേശം ചെയ്യാനെത്തുന്നവരു  ്. തൃശൂർ പൂരത്തിലെന്ന പോലെ തങ്ങളുടെ ഗ്രൂപ്പിൽ ഒന്നിച്ച് തുഴയുന്ന പള്ളിയോടങ്ങൾ കാഴ്ച വയ്ക്കാനിരിക്കുന്ന പ്രകടനം അൽപ്പം രഹസ്യമായി സൂക്ഷിക്കുന്നവരു  ്. വള്ളസദ്യക്കാലത്ത് ഒന്നിച്ച് തുഴഞ്ഞ് റിഹേഴ്സൽ നടത്തിയവരു  ്. മത്സരത്തിന്റെ ശൈലി മാറിയതനുസരിച്ച് പള്ളിയോടക്കരകളിൽ ചമയവും തുഴച്ചിലും വഞ്ചിപ്പാട്ടും ആറന്മുള ശൈലിയിലുള്ള തലേക്കെട്ടും പരിശീലിച്ചുറപ്പിച്ച കരകളു  ്. കാണികൾക്ക് കാഴ്ചവിരുന്നാകാനുള്ള അവസാന വട്ട ശ്രമത്തിലാണ് പള്ളിയോടക്കരകളെല്ലാം.

**തിരുവോണത്തോണിക്ക് വരവേൽപ്പ്**

ഉതൃട്ടാതി ജലോത്സവത്തിൽ വാട്ടർ സ്റ്റേഡിയത്തിൽ ആദ്യം രംഗപ്രവേശം ചെയ്യുന്നത് പള്ളിയോടങ്ങളുടെ ഉത്ഭവത്തിന് കാരണമായതെന്ന് കരുതുന്ന തിരുവോണത്തോണിയാണ്. തിരുവോണ നാളിൽ പുലർച്ചെ ആചാരപരമായി ആറന്മുളയിലെത്തിയ തിരുവോണത്തോണി ഉതൃട്ടാതി ജലോത്സവത്തിന് മുന്നോടിയായി ക്ഷേത്രക്കടവിൽ നിന്ന് ആരംഭിച്ച് സത്രക്കടവിലൂടെ തുഴഞ്ഞ് പരപ്പുഴക്കടവ് ഭാഗത്തേക്ക് എത്തിയ ശേഷം തിരികെ ക്ഷേത്രക്കടവിലെത്തും.

**നദി ഉത്സവമായി നാടൻ കലകളുടെ അവതരണം**

തിരുവോണത്തോണിക്ക് ജലോത്സവ വേദിയിൽ നൽകുന്ന വരവേൽപ്പിന് ശേഷം ജലോപരിതലത്തിൽ പ്രത്യേകം തയാറാക്കിയ വേദിയിൽ നാടൻ കലകളുടെ അവതരണം നടക്കും.  കുചേലവൃത്തം കഥകളിയാണ് ആദ്യം അരങ്ങേറുന്നത്. കലാമണ്ഡലം അരുണും സംഘവും അവതരിപ്പിക്കുന്ന കഥകളിയിൽ കുചേലൻ അവൽപ്പൊതിയുമായി ശ്രീകൃഷ്ണനെ കാണാൻ ചെല്ലുന്ന ഭാഗമാണ് പ്രധാനമായും അവതരിപ്പിക്കുക.

മാന്നാർ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദ്യാർഥിനികൾ അവതരിപ്പിക്കുന്ന  തിരുവാതിരകളി തുടർന്ന് അരങ്ങേറും. ഇതിനു ശേഷം ചെട്ടികുളങ്ങര കുത്തിയോട്ട സമിതി കുത്തിയോട്ടച്ചുവടുകൾ  അവതരിപ്പിക്കും. ഇതാദ്യമായാണ് ആറന്മുള ഉത്രട്ടാതി ജലോത്സവത്തിൽ ഓണാട്ടുകരയുടെ നാട്ടു നന്മകളുമായി കുത്തിയോട്ട കലാകാരന്മാർ എത്തുന്നത്.

കോഴിക്കോട്ട് പ്രശാന്ത് വർമയുടെ നേതൃത്വത്തിൽ ഭജൻ അവതരിപ്പിക്കും. പരമ്പരാഗത ഭജന കീർത്തനങ്ങളുടെ അവതരണമാണ് മാനസജപലഹരിയുടെ ആചാര്യൻ നടത്തുക. പമ്പാ നദീതടത്തിൽ സുപരിചിതമായ വേലകളി അവതരിപ്പിക്കും.

അവതരണ കലകളുടെ പ്രകടനത്തിന് ശേഷം ബി ബാച്ച് പള്ളിയോടങ്ങളുടെ ജലഘോഷയാത്രയും പിന്നീട് എ ബാച്ച് പള്ളിയോടങ്ങളുടെ ജലഘോഷയാത്രയും

ആരംഭിക്കും. തുടർന്നാണ് പരമ്പരാഗത ശൈലിയിലുള്ള തുഴച്ചിൽ അടിസ്ഥാനമാക്കി പള്ളിയോടങ്ങളുടെ മത്സരവള്ളം കളി നടക്കുന്നത്. (പിഎൻപി 2537/19)



# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **സെപ്റ്റംബർ 13**<br>**September 13** | **2019** |

***1193 ചിങ്ങം* 28 വെള്ളി**

# പത്രക്കുറിപ്പ് -3

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**ആറന്മുള ഉതൃട്ടാതി ജലോത്സവം**
**മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും**

ചരിത്ര പ്രസിദ്ധമായ ഉതൃട്ടാതി ജലോത്സവം സെപ്റ്റംബർ 15 ന് ഉച്ചയ്ക്ക് ഒന്നിന് സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. പള്ളിയോട സേവാസംഘം പ്രസിഡന്റ് കൃഷ്ണകുമാർ കൃഷ്ണവേണി അധ്യക്ഷത വഹിക്കും. ശ്രീരാമകൃഷ്ണാശ്രമത്തിലെ സ്വാമി ഗോലോകാനന്ദ മഹാരാജ് അനുഗ്രഹ പ്രഭാഷണം നടത്തും. രാമപുരത്ത് വാര്യർ അവാർഡ് എസ് രമേശൻ നായർക്ക് വനം-മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ രാജു സമ്മാനിക്കും. പള്ളിയോട ശിൽപ്പി അയിരൂർ സതീഷ് ആചാരിയെ വീണാ ജോർജ് എംഎൽഎ ആദരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് എ പത്മകുമാർ സ്മരണികയുടെ പ്രകാശനം നിർവഹിക്കും. വഞ്ചിപ്പാട്ട് ആചാര്യൻ മേലുകര ശശിധരൻ നായരെ ആന്റോ ആന്റണി എംപി ആദരിക്കും.

ആറന്മുള മത്സര വള്ളംകളിയുടെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി കെ കൃഷ്ണൻ കുട്ടി നിർവഹിക്കും. പള്ളിയോട യുവശിൽപ്പി വിഷ്ണു വേണു ആചാരിയെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി ആദരിക്കും. കൊടിക്കുന്നിൽ സുരേഷ് എംപി, എംഎൽഎമാരായ മാത്യു ടി തോമസ്, രാജു ഏബ്രഹാം, സജി ചെറിയാൻ, ചിറ്റയം ഗോപകുമാർ, ജില്ലാ കളക്ടർ പി ബി നൂഹ് എന്നിവർ പ്രസംഗിക്കും. വിജയികൾക്കുള്ള മന്നം ട്രോഫി ഉൾപ്പെടെ സമ്മാന ദാനം എൻഎസ്എസ് പ്രസിഡൻറ് പി എൻ നരേന്ദ്രനാഥൻ നായർ നിർവഹിക്കും.

### ട്രോഫികൾ

ഒന്നാം സ്ഥാനം ലഭിക്കുന്ന പള്ളിയോടത്തിന് എ ബാച്ചിലും ബി ബാച്ചിലും മന്നം ട്രോഫി ലഭിക്കും. ഏറ്റവും നല്ല ചമയത്തിനുള്ള ആർ ശങ്കർ ട്രോഫി എ ബാച്ച് പള്ളിയോടത്തിനും ബി ബാച്ചിലെ മികച്ച ചമയത്തിന് ആറന്മുള പൊന്നമ്മ ട്രോഫിയും ലഭിക്കും. കൂടാതെ എ ബാച്ചിലും ബി ബാച്ചിലും ചമയത്തിന് ര ും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്കും ട്രോഫികൾ ലഭിക്കും.

ഈ വർഷം പുതുതായി ഏർപ്പെടുത്തിയ ചെമ്പകശേരി കുടുംബത്തിന്റെ 1350 ഗ്രാം വെള്ളിയിൽ തീർത്ത ട്രോഫിയും പള്ളിയോട സേവാസംഘം നിർവാഹക സമിതി അംഗവും കീക്കൊഴൂർ പള്ളിയോട പ്രതിനിധിയുമായിരുന്ന വിനോദിന്റെ സ്മരണയ്ക്കുള്ള വിനോദ് കുമാർ സ്മാരക ട്രോഫിയും പൂവത്തൂർ കിഴക്ക് ക്യാപ്ടനായിരുന്ന അനീഷ് പി അരവിന്ദിന്റെ പേരിലുള്ള ട്രോഫിയും വിവിധ ഇനങ്ങളിലെ വിജയികൾക്ക് സമ്മാനിക്കും.

### മത്സരത്തിന്റെ രീതി

ഒരു വള്ളം എന്ന നിലയിൽ കേവലം വേഗത്തിൽ തുഴഞ്ഞ് ഒന്നാമതെത്താൻ വേ ിയുള്ള നിർമാണ ഘടനയല്ല പള്ളിയോടങ്ങൾക്കുള്ളത്. അത് സംസ്കാരത്തെയും സൗന്ദര്യത്തെയും പ്രതിഫലിപ്പിക്കുന്ന മനോഹര ശിൽപ്പം കൂടിയാണ്. പള്ളിയോടങ്ങളിൽ അനുവർത്തിക്കുന്ന തുഴച്ചിൽ രീതി കറക്കിത്തുഴച്ചിലാണ്. ജലോപരിതലത്തിൽ ചവി ട്ടിത്തിരിക്കാൻ കഴിയുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. ഒരു യുദ്ധ സന്നാഹത്തിനായി നിർമിച്ച വള്ളത്തിന്റെ മാതൃക ആയതിനാലാവണം ചവിട്ടിത്തിരിക്കൽ പോലെയുള്ള പ്രത്യേകതകൾ ആ നിർമാണത്തിനു ായത്. പടിഞ്ഞാറൻ ചു ൻ വള്ളങ്ങളിൽ വേഗത്തിലുള്ള തുഴച്ചിൽ സാധ്യമാക്കുന്നതിനായി അതിന്റെ അണിയവും അമരവും താഴ്ത്തി ഘടനയ്ക്ക് മാറ്റം വരുത്തി. എന്നാൽ ആറന്മുള പള്ളിയോടം അതിന്റെ തനത് ശൈലിയിൽ തുടരുകയാണ്. വേഗത്തിലുള്ള തുഴച്ചിൽ രീതി പള്ളിയോടങ്ങൾക്ക് കേടുപാടുകൾ പോലുമു ാക്കുന്ന സ്ഥിതിയിലെത്തിയിരുന്നു. അതിനാൽ മത്സരത്തിന്റെ മാനദണ്ഡം മാറ്റാൻ പള്ളിയോട സേവാസംഘം നിർബന്ധിതമായി. ആറന്മുളയുടെ തനത് ശൈലിയിലുള്ള വഞ്ചിപ്പാട്ടുകൾ, തുഴച്ചിൽ ശൈലി, ചമയം, വേഷവിധാനം, അച്ചടക്കം എന്നിവയെല്ലാം മാനദണ്ഡമാക്കിയായിരിക്കും ഉത്രട്ടാതി ജലോത്സവത്തിലെ വിജയിയെ തിരഞ്ഞെടുക്കുന്നത്. ഇവ പരിശോധിക്കുന്നതിനായി വിധികർത്താക്കളുടെ പാനൽ തയാറാക്കിയിട്ടു ്. വ്യ ത്യസ്തമായി ഇവർ അഞ്ച് മാനദണ്ഡങ്ങൾക്കും പ്രത്യേകം മാർക്ക് നൽകുകയും വിജയിലെ നിശ്ചയിക്കാൻ അതിന്റെ ആകെത്തുക പരിഗണിക്കുകയും ചെയ്യും.

### രാമപുരത്ത് വാര്യർ പുരസ്കാരം

ഇത്തവണത്തെ രാമപുരത്ത് വാര്യർ പുരസ്കാരം കവിയും ഗാനരചയിതാവുമായ എസ് രമേശൻ നായർക്കാണ് സമ്മാനിക്കുന്നത്. 2000-ാമാ ലിാണ് പള്ളിയോട സേവാസംഘം രാമപുരത്ത് വാര്യർ പുരസ്കാരം ഏർപ്പെടുത്തിയത്. ഡോ പുതുശേരി രാമചന്ദ്രൻ, കടമ്മനിട്ട രാമകൃഷ്ണൻ, ഒഎൻവി കുറുപ്പ്, ശ്രീകുമാരൻ തമ്പി, കാവാലം ശ്രീകുമാർ എന്നിവരാണ് മുൻ വർഷങ്ങളിൽ അവാർഡ് നേടിയവർ. ഇടക്കാലത്ത് നിലച്ചുപോയ അവാർഡ് ഏതാനും വർഷം മുൻപാണ് പുനസ്ഥാപിച്ചത്. രാമപുരത്ത് വാര്യരുടെ വഞ്ചിപ്പാട്ടുകളിൽ പ്രത്യേകിച്ചും കുചേലവൃത്തം വഞ്ചിപ്പാട്ട് പള്ളിയോടങ്ങളെ സംബന്ധിച്ചിടത്തോളം ആത്മാവാണ്. അതിനാൽ രാമപുരത്ത് വാര്യരോടുള്ള ആദര സൂചകമായാണ് രാമപുരത്ത് വാര്യർ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. സാംസ്കാരിക രംഗത്തും സാഹിത്യരംഗത്തുമുള്ള ഉന്നത പ്രതിഭകളെ ആദരിക്കുന്നതിനാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. എസ് രമേശൻ നായർ ഭക്തിഗാന രംഗത്ത് നൽകിയ

സംഭാവനകൾ പരിഗണിച്ചാണ് ഇത്തവണത്തെ രാമപുരത്ത് വാര്യർ അവാർഡിന് അർഹമായിരിക്കുന്നത്. 25001 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

**ആദരവ് പ്രതിഭകൾ**

വഞ്ചിപ്പാട്ട് രംഗത്തെ ആദരവ് നേടുന്ന മേലുകര സി ആർ ശശിധരൻ നായർ 1957 കാലം മുതൽ വഞ്ചിപ്പാട്ട് രംഗത്ത് സജീവമാണ്. പുതിയ തലമുറയിലെ ഒട്ടേറെപ്പേരെ വഞ്ചിപ്പാട്ട് പരിശീലിപ്പിക്കുന്ന ഇദ്ദേഹത്തിന് ഉതൃട്ടാതി ജലോത്സവ വേദിയിൽ ആദരവ് നൽകും.

അയിരൂർ ചെല്ലപ്പനാചാരിയുടെ മകനും പുതിയ തലമുറയിലെ മുതിർന്ന പള്ളിയോടതച്ചനുമായ അയിരൂർ സതീഷ് ആചാരി മുഖ്യ ശിൽപ്പിയായി പള്ളിയോട നിർമാണ രംഗത്ത് തന്റെ കഴിവു തെളിയിച്ചിരിക്കുന്ന പ്രതിഭയാണ്. സതീഷ് ആചാരിയെ ഉതൃട്ടാതി ജലോത്സവ വേദിയിൽ ആദരിക്കും.

പുതിയ തലമുറ പരമ്പരാഗതമായ തൊഴിൽ മേഖലയിലേക്ക് കടന്നു വരാൻ വൈമനസ്യം കാട്ടുന്ന കാലമാണ്. ഈ സാഹചര്യത്തിലാണ് ചങ്ങംകരി കിഴക്കില്ലത്ത് വേണു ആചാരിയുടെ മകൻ വിഷ്ണു വേണു ആചാരി പള്ളിയോട നിർമാണത്തിലേക്ക് എത്തുന്നത്. എയർക്രാഫ്റ്റ് എൻജിനീയറായി ജോലിനോക്കിയിരുന്ന വിഷ്ണു പള്ളിയോടങ്ങളുടെ പ്രധാനപ്പെട്ട നിർമാണ രംഗത്ത് തന്റെ കഴിവ് തെളിയിച്ചു കഴിഞ്ഞു. വിഷ്ണു വേണു ആചാരിയെ ഉതൃട്ടാതി ജലോത്സവ വേദിയിൽ ആദരിക്കും.

**അനുമതിയില്ലാത്ത ബോട്ടുകൾ അനുവദിക്കില്ല**

പള്ളിയോട സേവാസംഘത്തിന്റെ അനുമതിയില്ലാത്ത ബോട്ടുകൾ മത്സരം നടക്കുന്ന ഭാഗത്ത് പ്രവേശിക്കാൻ പാടില്ല. ഇത്തരം ബോട്ടുകൾക്കെതിരായി റേസ് കമ്മിറ്റി നടപടികൾ സ്വീകരിക്കും. മത്സരത്തിന് തടസമായി പമ്പാനദിയിൽ റേസ് കോഴ്സിൽ പ്രവേശിക്കുന്ന ബോട്ടുകൾക്കെതിരെ നിയമ നടപടി സ്വീകരിക്കും.

പള്ളിയോട സേവാസംഘം പ്രസിഡന്റ് ബി കൃഷ്ണകുമാർ കൃഷ്ണവേണി,
സെക്രട്ടറി പി ആർ രാധാകൃഷ്ണൻ, വൈസ് പ്രസിഡന്റ് സുരേഷ് ജി വെൺപാല,
ജോ.സെക്രട്ടറി വി വിശ്വാനാഥ പിള്ള, ട്രഷറർ കെ സഞ്ജീവ് കുമാർ, റെയ്സ് കമ്മിറ്റി കൺവീനർ മുരളി ജി പിള്ള, പബ്ളിസിറ്റി കൺവീനർ എം അയ്യപ്പൻ കുട്ടി തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു. (പിഎൻപി 2538/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.